DESPATCHED On 14/2/23



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1886(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10339/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 9**

| | |
|---|---|
| ശ്രീ. ശശികുമാർ റ്റി.ആർ.,<br>തത്ത്വമസി,<br>പട്ടോളി മാർക്കറ്റ് പി.ഒ.,<br>ആലപ്പുഴ - 690 531. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ്,<br>ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ്,<br>നന്ദൻകോട്, തിരുവനന്തപുരം .<br>2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ദേവസ്വം ചീഫ് എഞ്ചിനീയറുടെ (ജനറൽ)<br>കാര്യാലയം, തിരുവിതാംകൂർ ദേവസ്വം ബോർഡ്,<br>നന്തൻകോട്, തിരുവനന്തപുരം - 695 003.<br>3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ശബരിമല ഡെവലപ്പ്മെന്റ് പ്രോജക്ട്,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ്,<br>പത്തനംതിട്ട - 689 645.<br>4 അപ്പീൽ അധികാരി,<br>ചീഫ് എഞ്ചിനീയറുടെ കാര്യാലയം,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ്,<br>നന്തൻകോട്, തിരുവനന്തപുരം - 695 003. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.3.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 31.3.2022, 16.4.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.5.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 1.7.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 5.7.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.7.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.8.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 8.2.2023 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ശശികുമാർ റ്റി.ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.3.2022-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ബഡ്ജറ്റിൽ വക കൊള്ളിച്ചാണോ ശബരിമലയിൽ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നടത്തുന്നതെന്നും

ii. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകകൾ കൊടുത്ത് തീർത്തിട്ടുണ്ടോ എന്നും മറ്റുമായി 17 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.3.2022-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ദേവസ്വം ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസിൽ നിന്നും ലഭ്യമാക്കേണ്ടവ ആയതിനാൽ വിവരാവകാശ നിയമം 6 (3) അനുസരിച്ച് അപേക്ഷ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നാണ്. തുടർന്ന് 16.4.2022-ന് ചീഫ് എഞ്ചിനീയർ (ജനറൽ) ഓഫീസിൽ നിന്നും നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 11 എന്നീ ചോദ്യങ്ങൾ ഒഴികെ ബാക്കിയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിലേയ്ക്കായി ശബരിമല ഡെവലപ്പ്മെന്റ് പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്. 20.5.2022-ന് ഹർജിക്കാരൻ നൽകിയ അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നാണ്. ടി അപ്പീലിന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

4. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 8.8.2022 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും ഇ-മെയിൽ സന്ദേശമായി 30.4.2022 തീയതി ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും

ആയതിന് 25.5.2022 തീയതി ആർ.ടിഐ–06/2022 നമ്പർ കത്തായി ടി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതാണെന്നും ടി ഓഫീസിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടില്ലെന്നുമാണ്.

5. ലഭ്യമായ റിപ്പോർട്ടും അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിക്കുകയും ഹർജിക്കാരനേയും മൂന്നാം എതിർകക്ഷിയേയും നേരിൽ കേൾക്കുകയും ചെയ്തു. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുൾപ്പെടെ മറുപടി രജിസ്റ്റേർഡ് തപാൽ മുഖേന അയച്ചു കൊടുക്കേണ്ടതും രേഖകൾ പരിശോധിക്കാനുള്ള അവസരം തീയതി രേഖപ്പെടുത്തി ഹർജിക്കാരന് നൽകേണ്ടതും അത്യാവശ്യ രേഖകൾ മാത്രം ഹർജിക്കാരന് സൗജന്യമായി നൽകാനും കമ്മീഷൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചു. ഹർജിക്കാരന് അയച്ചു കൊടുത്ത കത്തിന്റെ പകർപ്പ് കമ്മീഷന് ഉടൻ തന്നെ അയച്ചു തരാൻ മൂന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിച്ചു. ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 ചോദ്യങ്ങൾക്കുള്ള മറുപടി ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരന് നൽകുന്നതിന് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ എസ്.പി.ഐ.ഒയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ മറ്റ് ചോദ്യങ്ങൾക്കുള്ള മറുപടി സാധ്യമാകുന്നതരത്തിൽ വ്യക്തമാക്കി പരാതിക്കാരന് നൽകാനും കമ്മീഷൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk